ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സാധാരണഗതിയിൽ ആവശ്യമുള്ള കീടനാശിനികളും ടെൻഡർവിളിച്ച് വാങ്ങിക്കാറുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ എപ്പോഴെല്ലാം എത്ര അളവിലാണ് കീടങ്ങളും ശല്യംചെയ്യുന്നതെന്ന് നമുക്ക് അറിയാൻപോലും സാധിക്കുകയില്ല. ഉദാഹരണത്തിന് ഈ വർഷത്തിൽ ചാഴിയുടെ ശല്യം വന്നിട്ടുണ്ട്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം വലിയതോതിൽ ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ചാഴിയുടെ ശല്യം ഉണ്ടാകുന്നുണ്ട്. എന്നാൽ കഴിഞ്ഞ വർഷം ചാഴിയുടെ ശല്യം ഉണ്ടായിട്ടില്ല. കഴിഞ്ഞവർഷത്തെ കണക്കുവച്ചുകൊണ്ട് ഈ വർഷം വരുന്ന വാങ്ങിക്കുകയും മാറും ചെയ്യാൽ ആവശ്യത്തിനു തീരെ മതിയാകാതെ വരുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം വെട്ടിമുറിച്ച് ശരിപ്പെടുത്താൻ പ്രായോഗികമായി കഴിയുകയില്ല.

ശ്രീ. കെ. കരുണാകരൻ: ടെൻഡർ വിളിക്കാതെ വാങ്ങിച്ചതു് അത്യാവശ്യമായതുകൊണ്ടാണെങ്കിൽ വാങ്ങിച്ചതിനുശേഷം ഗവണ്മെന്റിന്റെ അംഗീകാരം വാങ്ങിക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിന്റെ അംഗീകാരം കൊടുക്കേണ്ടതു് ഡയറക്ടർ ആണ്. ഡയറക്ടർ അപ്രൂവൽ കൊടുത്തിട്ടുണ്ട്.

പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ

*136 (463) ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർമാരുടെ അധികാര പരിധി പുനർനിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സർക്കിളുകളിൽ;

(സി) ഉളിക്കൽ, പയ്യാവൂർ, കടിയാൻമല എന്നീ മലയോരപ്രദേശങ്ങളിൽ കൂടിവരുന്ന ക്രിമിനൽകേസുകളും പരിഗണിച്ച് ആ സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷൻ തുറക്കുവാൻ നിവേദനം കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഓരോ സർക്കിളിന്റെയും കീഴിലുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം ക്രമീകരിക്കുന്നതിനും തദ്ദേശ ഇൻസ്പെക്ടറന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി അഞ്ചിലധികം സ്റ്റേഷനുകളുള്ള സർക്കിളുകളുടെ എണ്ണം പുനർനിർണ്ണയിച്ച് കൂടുതലായി താഴെപറയുന്ന 12 സർക്കിളുകളും രൂപീകരിക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് വേണ്ട മേൽനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(1) വിഴിഞ്ഞം	(2) കൊട്ടാരക്കര	(3) പാല
(4) പുളിക്കുന്ന്	(5) വടക്കൻപറവൂർ	(6) ആലുവാ
(7) കളമശ്ശേരി	(8) ചിറ്റൂർ	(9) കുന്നമംഗലം
(10) സുൽത്താൻബത്തേരി	(11) പയ്യന്നൂർ	(12) മണ്ണാർക്കാട്.

(സി) ഉളിക്കൽ എന്ന സ്ഥലത്തു് ഒരു പുതിയ പോലീസ് സ്റ്റേഷൻ തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പടിയൂർ പഞ്ചായത്തിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്. പയ്യാവൂർ, കടിയാൻമല എന്നിവിടങ്ങളിൽ പോലീസ് സ്റ്റേഷനുകളും വേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കിട്ടിയനിവേദനം പരിഗണനയിലിരിക്കുകയാണ്.

ശ്രീ കെ. എം. മാണി: പുതിയ സക്കിളുകൾ തുടങ്ങാൻ നടപടി നടത്തുന്നു എന്നു പറഞ്ഞ കൂട്ടത്തിൽ പാലാ സക്കിളിന്റെ കാര്യവും പറയുകയുണ്ടായി. എന്നാൽ പാലാ സക്കിളിന്റെ കാര്യത്തിൽ നേരത്തെതന്നെ നടപടി നടന്നുകഴിഞ്ഞിട്ടുള്ളതാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. എം. കെ. കൃഷ്ണൻ: അനുവാദം കൊടുത്തുകഴിഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നത്. 1968-69-ൽ തന്നെ ആവശ്യമായ നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

ശ്രീ. ഒ. കോരൻ: ഒരു പ്രദേശത്തു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെങ്കിൽ എത്ര കേസ്സുകൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥയുള്ളത്; ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന പയ്യാവൂർ, കുടിയാൻമല എന്നീ പ്രദേശങ്ങളിൽ എത്ര കേസ്സുകൾ ഉണ്ടെന്നു ഗവണ്മെന്റിനറിയാമോ; അതു നിബന്ധനയുടെ പരിധിയിൽ വരുന്നുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു എത്ര കേസ്സുകൾ വേണം എന്നെല്ലാമുള്ള വിവരങ്ങൾ ഇവിടെയുള്ള കടലാസ്സുകളിൽനിന്നും മനസ്സിലാകുന്നില്ല. അതുകൊണ്ട് അക്കാര്യം എന്താണെന്നു പിന്നീട് പരിശോധിക്കാം.

ശ്രീ. കെ. വെ. രാജൻ: ഫലപ്രദമായി നടപടികളെടുക്കണമെങ്കിൽ വിപുലമായ തോതിൽ സക്കിളുകൾ ഏർപ്പെടുത്തണമെന്നുള്ള കാര്യം ഗവണ്മെന്റ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ള പോലീസ് സക്കിളുകളുടെ കാര്യമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. മറ്റു പോലീസ് സക്കിളുകൾ വേണമോ എന്നുള്ളതിനെ സംബന്ധിച്ച് ഗവണ്മെന്റ് ഇപ്പോൾ പരിഗണിക്കുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കോരൻ ജനപ്രതിനിധിയല്ലാതിരുന്നപ്പോൾ ക്രിമിനൽ കേസ്സുകൾ കൂടുതലായിരുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു പരിശോധിക്കാമോ?

ശ്രീ. എം. കെ. കൃഷ്ണൻ: നിർബന്ധമാണെങ്കിൽ പരിശോധിക്കാം.

ശ്രീ. ബി. മാധവൻനായർ: ഐക്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ അനുവദിച്ച പോലീസ് സ്റ്റേഷൻപോലും ഇതുവരെയും ഓപ്പൺചെയ്യുന്ന പ്രവർത്തനമാരംഭിച്ചിട്ടില്ല. തിരുവനന്തപുരത്തു തമ്പാനൂർ പോലീസ് സ്റ്റേഷൻ ഗവണ്മെന്റ് അനുവദിച്ചിട്ടുള്ളതു ഇതുവരെയും തുറന്നു പ്രവർത്തനമാരംഭിച്ചിട്ടില്ല. എത്രയും പെട്ടെന്നു അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി എടുക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എന്താണെന്നു പരിശോധിച്ചു നടപടിയെടുക്കാം.

ശ്രീ. എം. കൃഷ്ണൻ: ഓരോ സക്കിളിനും ഓരോ ജീപ്പു കൊടുക്കണമെന്നു പറയുകയുണ്ടായി. അങ്ങനെ ജീപ്പു നൽകിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എല്ലാ സക്കിളിനും ജീപ്പുകൾ കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. എം. മാണി: പുതിയതായി അനുവദിച്ചിട്ടുള്ള പാലാ സക്കിളിൽ രാമപുരത്തു ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള നിവേദനം സമർപ്പിച്ചപ്പോൾ ഉടനെതന്നെ അനുവദിക്കുന്നതാണെന്നു ഗവണ്മെന്റ് പറഞ്ഞിട്ടുണ്ട്. അതു എന്നേക്കു പ്രവർത്തനമാരംഭിക്കുമെന്നു പറയാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: എന്നേക്കു പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇപ്പോഴും പോലീസുകാർക്കു് വലിയ ജോലിയൊന്നും ഇല്ല. വെട്ടും കുത്തും എല്ലാം ഉണ്ടാകുമ്പോഴും നോക്കിനില്ക്കുകയാണു് അവരുടെ ജോലി. അതുകൊണ്ടു് കുറെ പോലീസ് സ്റ്റേഷനുകളും കുറയ്ക്കുന്നതിനുള്ള നടപടി ഗവണ്മെന്റു് സ്വീകരിക്കുമോ

ശ്രീ. എം. കെ. കൃഷ്ണൻ: അതെല്ലാം ശ്രീ. ചാഴിക്കാടന്റെ അഭിപ്രായമാണു്.

ശ്രീ. കെ. ടി. ജോർജ്ജ്: ഓരോ സർക്കിളിന്റെയും കീഴിൽ എത്ര പോലീസ് സ്റ്റേഷനുകളുണ്ടു്. പറവൂർ സർക്കിളിൽ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: ഓരോ സർക്കിളിലും അഞ്ചു പോലീസ് സ്റ്റേഷനുകളും ഉണ്ടെന്നു് ഞാൻ നേരത്തെതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: പല സ്ഥലങ്ങളിലും അനുവദം ലഭിച്ചിട്ടും പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എവിടെയെല്ലാം പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നുള്ളതിന്റെ ലിസ്റ്റു് എന്റെ കൈവശമില്ല. വിവരം അന്വേഷിച്ചതിനുശേഷം എത്രയുംവേഗം തുറക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. എസ്സ്. ദാമോദരൻ: ആലപ്പുഴ സർക്കിളിൽപ്പെട്ട മണ്ണുകുറി എന്ന സ്ഥലത്തു് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ പല സ്ഥലത്തുനിന്നും പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. ഈ സ്ഥലത്തിന്റെ കാര്യം എനിക്കു് ഇപ്പോൾ അറിഞ്ഞുകൂടാ.

ശ്രീ. ഒ. കോരൻ: ഒരു സ്ഥലത്തു് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നു തീരുമാനിക്കുന്നതു് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു് ?

ശ്രീ. എം. കെ. കൃഷ്ണൻ: എനിക്കു് നല്ല നിശ്ചയമില്ല.

ശ്രീ. എൻ. കണപതി: சாதாரணமாக ஐந்து சப் ஸ்டேஷன் உள்ள இடத்தில் ஒரு சர்க்கிள் ஏற்படுத்துவது வழக்கம் மேலும் ஆயிரம் எண்ணூறு மைல்களுக்கு ஒரு சர்க்கிள் வீதம் ஜனத்தொகை அடிப்படையில் மலப்புறங்களில் கூட்ட முடியுமா ?

ശ്രീ. എം. കെ. കൃഷ്ണൻ: വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കിൾ സ്ഥാപിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ശ്രീ. എം. രാമണ്ണി: സുൽത്താൻബത്തേരിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായി പറയുകയുണ്ടായി. വാഹനസൗകര്യമില്ലാതെ വരാതിരിക്കാൻ വാഹനംകൂടി കൊടുക്കാൻ ഏർപ്പാടുണ്ടാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: സർക്കിൾ ഇൻസ്പെക്ടർക്കു് വാഹനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസനക്കുടിശ്ശിക

* 137 [464] ശ്രീ. ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly